# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.01.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2024-ലെ ദേശീയ കായിക പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും.

   **National Sports Awards 2024 will be presented by President Draupadi Murmu today.**

2. മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് ലക്ഷദ്വീപിലെത്തും ; വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

   **Vice President Jagdeep Dhankar will arrive in Lakshadweep today for a three-day official visit; Various projects will be inaugurated.**

3. ഓട്ടോ മോട്ടീവ്, വാഹന മേഖലകളിൽ രാജ്യത്തെ ഏറ്റവും വലിയ പ്രദർശനമായ ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate Bharat Mobility Global Expo, the country's largest exhibition in the automotive and vehicle sector, in New Delhi today.**

4. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന ദിവസം ഇന്ന്.

   **Today is the last day to file nomination papers for Delhi assembly elections.**

5. കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയ പ്രഖ്യാപനത്തോടെ ഇന്ന് തുടക്കം.

**The budget session of the Kerala Legislative Assembly began today.**

6. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ജംഷെഡ്പുർ എഫ്സി മോഹൻബഗാനെ നേരിടും.

**Jamshedpur FC will face Mohun Bagan in ISL football today.**

&&&&&&&&&&&&&&&&&&&

## PREZ NATIONAL SPORT AWARD

2024-ലെ ദേശീയ കായിക പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമ്മു ഇന്ന് രാഷ്ട്രപതി ഭവനിൽ വച്ച് സമ്മാനിക്കും. ലോക ചെസ് ചാമ്പ്യൻ ഡി ഗുകേഷ്, പാരീസ് ഒളിമ്പിക്സിലെ ഇരട്ട മെഡൽ ജേതാവ് മനുഭാക്കർ, ഉൾപ്പെടെയുള്ളവർക്ക് ഖേൽരത്ന പുരസ്കാരങ്ങൾ സമ്മാനിക്കും. മലയാളി നീന്തൽ താരം സജൻ പ്രകാശിനെ കൂടാതെ 31 പേർക്ക് അർജുന അവാർഡും ബാഡ്മിൻറൺ പരിശീലകൻ എസ്.മുരളീധരൻ ഉൾപ്പെടെ അഞ്ച് പേർക്ക് ദ്രോണാചാര്യ പുരസ്കാരവും സമ്മാനിക്കും.

&&&&&&&&&&&&&&&&&&&

## PM – BHARAT MOBILITY

ഓട്ടോ മോട്ടീവ്, വാഹന മേഖലകളിൽ രാജ്യത്തെ ഏറ്റവും വലിയ പ്രദർശനമായ ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2025 ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലെ ഭരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യും. അതിർത്തികൾപ്പുറം ഭാവിയിലെ ഓട്ടോമോട്ടീവ് മേഖലയിലെ മൂല്യവർധിത ശൃംഖല സൃഷ്ടിക്കുന്നതിൽ സഹകരിക്കുക എന്നതാണ് പരിപാടിയുടെ പ്രമേയം. ഓട്ടോമോട്ടീവ്, വാഹന ഗതാഗത മേഖലയിലെ സഹകരണം, സുസ്ഥിര നൂതന

സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുക തുടങ്ങിയവ ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപം, യശോഭൂമി, ഗ്രേറ്റർ നോയിഡയിലെ ഇന്ത്യ എക്സ്പോ സെന്റർ ആൻഡ് മാർട്ട് എന്നിവിടങ്ങളിലാണ് 6 ദിവസമായി ഭാരത് മൊബിലിറ്റി എക്സ്പോ സംഘടിപ്പിക്കുന്നത്. വിവിധ രാജ്യങ്ങളിൽ നിന്നുള ള വർ പ്രദർശനത്തിലും അനുബന്ധ പരിപാടികളിലും പങ്കെടുക്കും. ഈ മാസം പത്തൊന്പത് മുതൽ ഇരുപത്തി രണ്ട് വരെ സൗജന്യ പ്രവേശനം അനുവദിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## PM – SVAMITVA SCHEME

സ്വാമിത്വ പദ്ധതിക്ക് കീഴിൽ 50,000 ത്തിലേറെ ഗ്രാമങ്ങളിലെ വസ്തുക്കൾക്ക് ഭൂ ഉടമ കാർഡുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വിതരണം ചെയ്യും. പത്ത് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലേയും വസ്തു ഉടമകൾക്കാണ് വിദൂരദൃശ്യ സംവിധാനത്തിലൂടെ ഭൂ ഉടമ കാർഡുകൾ വിതരണം ചെയ്യുന്നത്. ഡ്രോൺ സർവെ പ്രകാരം കൃത്യമായി ഭൂമി അടയാളപ്പെടുത്തിയാണ് കാർഡുകൾ തയ്യാറാക്കുന്നത്. ഗ്രാമീണ മേഖലയിലെ സാമ്പത്തിക വികസനമാണ് ലക്ഷ്യമിടുന്നത്. ഭൂമി സംബന്ധമായ തർക്കം ഒഴിവാക്കുക, വസ്തുവിനെക്കുറിച്ച് കൃത്യമായ വിവരം ലഭ്യമാക്കുക, നികുതി പിരിവ് കാര്യക്ഷമമാക്കുക, ബാങ്ക് വായ്പകൾ ലഭ്യമാക്കുക തുടങ്ങിയ സ്വാമിത്വ പദ്ധതി വഴി ലക്ഷ്യമിടുന്നു.

&&&&&&&&&&&&&&&&&&

## VP– LAKSHADWEEP (INTRO)

മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് ലക്ഷദ്വീപിലെത്തും. ഇന്ന് ഉച്ചയോടെ

അദ്ദേഹം അഗത്തി ദ്വീപിൽ എത്തിച്ചേരും. രാജ്യത്തെ ഏറ്റവും ചെറിയ കേന്ദ്ര ഭരണ പ്രദേശമായ ലക്ഷദ്വീപിൽ ആദ്യമായി എത്തുന്ന ഉപരാഷ്ട്രപതിയെ സ്വീകരിക്കാൻ വിപുലമായ ഒരുക്കങ്ങളാണ് ക്രമീകരിച്ചിട്ടുള്ളത്. ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേലിന്റെ നേരിട്ടുള്ള നിരീക്ഷണത്തിലാണ് ക്രമീകരണങ്ങളും സുരക്ഷാപ്രവർത്തനങ്ങളും പുരോഗമിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി **അബ്ദുൽ** സലാം....

(വോയിസ്)

&&&&&&&&&&&&&&&&&&&

## REPUBLIC DAY-CHIEF GUEST

ഇത്തവണത്തെ റിപ്പബ്ലിക് ദിനാഘോഷത്തിൽ ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ മുഖ്യാതിഥിയാകും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരം ഇന്തോനേഷ്യൻ പ്രസിഡന്റ് ഈമാസം 25, 26 തീയതികളിൽ ഇന്ത്യ സന്ദർശിക്കും. കഴിഞ്ഞ ഒക്ടോബറിൽ ചുമതലയേറ്റ ശേഷം പ്രബോവോ സുബിയാന്തോയുടെ ആദ്യ ഇന്ത്യൻ സന്ദർശനമാണിത്. സന്ദർശനത്തിനിടെ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ചർച്ചകൾ നടക്കും. ആഗോള, മേഖലാതല വിഷയങ്ങളും ചർച്ചയാകും.

&&&&&&&&&&&&&&&&&&&

## DELHI NOMINATION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന ദിവസം ഇന്ന്. ഇതുവരെ 841 നാമനിർദ്ദേശ പത്രികകൾ സമർപ്പിച്ചിട്ടുണ്ട്. ഈ മാസം 10 മുതലാണ് നാമനിർദ്ദേശ പത്രിക സമർപ്പണം

തുടങ്ങിയത്. തിങ്കളാഴ്ച വരെ പത്രികകൾ പിൻവലിക്കാനാകും. അടുത്തമാസം 5 നാണ് തിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ ഫെബ്രുവരി 8 ന് നടക്കും.

&&&&&&&&&&&&&&&&&&&

## DELHI- BJP SEAT DIVISION

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ 68 സീറ്റുകളിൽ ബിജെപി മത്സരിക്കും. ശേഷിക്കുന്ന രണ്ട് സീറ്റുകൾ ദേശീയ ജനാധിപത്യ സഖ്യം ഘടകകക്ഷികളായ ജനതാദൾ (യുണൈറ്റഡ്), ലോക്

ജനശക്തി പാർട്ടി (റാം വിലാസ്) എന്നിവയ്ക്ക് നൽകി.

&&&&&&&&&&&&&&&&&&&

## PAY COMMISSION (INTRO)

കേന്ദ്ര സർക്കാർ ജീവനക്കാർക്കായി എട്ടാമത് ശമ്പള കമ്മീഷൻ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചതായി കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ്. ഏഴാം ശമ്പള കമ്മിഷന്റെ കാലാവധി 2026 ൽ അവസാനിക്കുമെന്നും എട്ടാം ശമ്പള കമ്മീഷൻ നിലവിൽ വരുന്നതോടെ പേ പാനലിന്റെ ശിപാർശകൾ സ്വീകരിക്കാൻ മതിയായ സമയം ലഭിക്കുമെന്നും മന്ത്രി പറഞ്ഞു. കമ്മീഷൻ ചെയർമാനെയും മറ്റ് അംഗങ്ങളെയും ഉടൻ നിയമിക്കുമെന്നും കേന്ദ്രമന്ത്രി ന്യൂഡൽഹിയിൽ പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ജംഷെഡ്പുർ എഫ്സി മോഹൻബഗാനെ നേരിടും. ജാംഷഡ്പൂരിൽ ജെ ആർ ഡി ടാറ്റ

സ്പോർട്സ് കോംപ്ലക്സിൽ രാത്രി ഏഴര മണിക്കാണ് മത്സരം. ഇന്നലെ നടന്ന കളിയിൽ പഞ്ചാബ് എഫ്സിയും മുബൈ സിറ്റിയും ഓരോ ഗോൾ നേടി സമനിലയിൽ പിരിഞ്ഞു.

&&&&&&&&&&&&&&&&&&&

## I LEAGUE

ഐ ലീഗ് ഫുട്ബോളിൽ ഹോം മത്സരത്തിൽ ഗോകുലം കേരള നാംധാരി എഫ്.സിയെ നേരിടും. രാത്രി ഏഴിന് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ വച്ചാണ് മത്സരം.. .നിലവിൽ നാംധാരി പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്താണ്. എട്ടു മത്സരങ്ങൾ കളിച്ച ഗോകുലം കേരള പട്ടികയിൽ നാലാം സ്ഥാനത്തുമുണ്ട്.

&&&&&&&&&&&&&&&&&&&

## KERALA NIYAMASABHA

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയ പ്രഖ്യാപനത്തോടെ ഇന്ന് തുടക്കം. ഫെബ്രുവരി 7 നാണ് സംസ്ഥാന ബജറ്റ്. മാർച്ച് 28 വരെയുള്ള കാലയളവിൽ 27 ദിവസമായിരിക്കും സഭ ചേരുക. നയപ്രഖ്യാപനത്തിൻ മേലുള്ള നന്ദിപ്രമേയ ചർച്ചകൾ ജനുവരി 20 മുതൽ 22 വരെയും, സംസ്ഥാന ബജറ്റിന്മേലുള്ള ചർച്ച ഫെബ്രുവരി 10 മുതൽ 12 വരെയും നടക്കും.

&&&&&&&&&&&&&&&&&&&

## JYOTIRADITYA

കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ എം. സിന്ധ്യ ഇന്ന് ന്യൂഡൽഹിയിൽ വിവിധ പൗര കേന്ദ്രീകൃത സംരംഭങ്ങൾക്ക് തുടക്കം കുറിക്കും. സഞ്ചാർ സാതി മൊബൈൽ ആപ്പ്, നാഷണൽ ബ്രോഡ്ബാൻഡ് മിഷൻ 2.0, ഇൻട്രാ സർക്കിൾ റോമിങ്ങ് തുടങ്ങിയ സംരംഭങ്ങൾക്കാണ് തുടക്കം കുറിക്കുക. ന്യൂഡൽഹിയിലെ

ഹോട്ടൽ അശോകിൽ രാവിലെ 11 മണിക്കാണ് പരിപാടി. ഇതിനോടനുബന്ധിച്ച് എറണാകുളത്തും പരിപാടി സംഘടിപ്പിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## KIRTI VARDHAN SINGH

ഇന്ത്യയും ജിസിസി രാജ്യങ്ങളിലെ ജനങ്ങളും തമ്മിൽ പരസ്പര ബന്ധത്തിൽ അധിഷ്ഠിതമായ വികസനവും പുരോഗതിയുമാണ് ഇന്ത്യയുടെ Look West നയത്തിന്റെ അടിസ്ഥാന ശിലകൾ എന്ന് കേന്ദ്ര സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ്. വിദേശകാര്യമന്ത്രാലയത്തിന്റെയും, സെൻറർ ഫോർ പബ്ലിക് പോളിസി റിസർച്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇന്നലെ കൊച്ചിയിൽ ആരംഭിച്ച "കൊച്ചി ഡയലോഗ് 2025" ന്റെ ഉദ്ഘാടന ചടങ്ങിനുള്ള സന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഊർജ്ജം ഉൾപ്പെടെ വിവിധ മേഖലകളിൽ ഇന്ത്യയും GCC രാജ്യങ്ങളും തമ്മിൽ ഏറെക്കാലത്തെ ആഴത്തിലുള്ള ബന്ധമാണ് നിലനിന്നു പോരുന്നത് എന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ജിസിസി സെക്രട്ടറി ജനറൽ ജാസം മുഹമ്മദ് അൽ- ബുദൈവി പറഞ്ഞു.

&&&&&&&&&&&&&&&&&&

## RIVER TRAGEDY

തൃശൂരിൽ ഭാരതപ്പുഴയുടെ പൈങ്കുളം ശ്മശാനം കടവിൽ നാല് പേർ മുങ്ങി മരിച്ചു. ഇന്നലെ വൈകിട്ട് 5.30 ഓടെയാണ് അപകടം. ചെറുതുരുത്തി ഓടക്കൽ വീട്ടിൽ കബീർ, ഭാര്യ ഷാഹിന , മകൾ സറ , ഷാഹിനയുടെ സഹോദരി ചേലക്കര മേപ്പാടം ആന്ത്രോട്ടിൽ വീട്ടിൽ ഷഫാനയുടേയും ജാഫറിന്റെയും മകൻ ഫുവാദ് സനിൻ എന്നിവരാണ് മരിച്ചത്. സറ ഒഴുക്കിൽപ്പെട്ടപ്പോൾ മറ്റു മൂവരും രക്ഷിക്കാൻ ഇറങ്ങുകയായിരുന്നു.

&&&&&&&&&&&&&&&&&&&&

## KILLING- EKM

എറണാകുളം പറവൂർ ചേന്ദമംഗലത്ത് ഒരു കുടുംബത്തിലെ മൂന്നുപേരെ മർദ്ദിച്ച് കൊലപ്പെടുത്തി. ചേന്ദമംഗലം സ്വദേശികളായ വേണു, ഭാര്യ ഉഷ മരുകൾ വിനീഷ എന്നിവരാണ് കൊല്ലപ്പെട്ടത്. വേണുവിന്റേയും ഉഷയുടേയും മകൻ ജിതിൻ വെട്ടേറ്റ് ഗുരുതരാവസ്ഥയിലാണ്. അയൽക്കാർ തമ്മിലുള്ള തർക്കമാണ് കൊലപാതകത്തിന് കാരണമെന്നാണ് വിവരം. സംഭവത്തിൽ അയൽവാസി ഋതു ജയനെ പൊലീസ് കസ്റ്റഡിയിൽ എടുത്തു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&